Reg. No:............................................
Name : ............................................

## SSLC MODEL EXAMINATION, MARCH 2022 ( NEW PATTERN )

**Maximum : 40 Scores**

### മലയാളം പേപ്പർ - I

### പാർട്ട് - I

A. 1 മുതൽ 6 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 4 എണ്ണത്തിന് ഉത്തരമെഴുതുക.
(1 സ്കോർ വീതം)

1.'ക്രോധമൂലം മനസ്താപമുണ്ടായ് വരും'
താഴെ തന്നിരിക്കുന്നവയിൽ ഈ വരികളുടെ ആശയവുമായി ബന്ധമില്ലാത്തതേത്?

- കോപത്തിൽ തുടങ്ങിയാൽ താപത്തിൽ തീരും.
- കോപം വരുമ്പോൾ നാമം ജപിക്കുക.
- ഒരു കോപം കൊണ്ട് അങ്ങോട്ടു ചാടിയാൽ ഇരുകോപം കൊണ്ടിങ്ങോട്ടു പോരാമോ?
- കോപമാകുന്നതു വിത്തെന്നറിയണം പാപമാകുന്ന മരാമരത്തിന്നെടോ

2."എന്റെ മനോവിചാരം പൂർണമായും സിദ്ധിച്ചു".
എന്തായിരുന്ന ദുഷ്ഷന്തന്റെ മനോവിചാരം?

- സർവദമനൻ മഹർഷിബാലനാണ്.
- അവൻ ഒരു രാജപുത്രനാണ്.
- അവൻ സ്വന്തം മകനാണ്.
- അവൻ അപ്സരസ്സിന്റെ മകനാണ്.

3."തീവണ്ടിയാപ്പിസിന്റെ മുറ്റത്തു കൂട്ടംതട്ടിനിന്ന കുതിരവണ്ടിക്കാർ വണ്ടി വേണോയെന്ന് വെള്ളായിയപ്പനോട് ചോദിച്ചില്ല. സമൂഹത്തിന്റെ ഏതു മനോഭാവമാണ് ഇവിടെ പ്രകടമാകുന്നത്?

- വൃദ്ധരോടുള്ള നീരസം
- ജോലിയിലുള്ള താല്പര്യക്കുറവ്
- ദരിദ്രരോടുള്ള അവഗണന
- അപരിചിതരോടുള്ള പരിഗണനയില്ലായ്മ

4.ഏവമോതിയിടരാർന്നു" എന്നത് ഏവം, ഓതി, ഇടർ, ആർന്നു എന്ന് വേർതിരിച്ചെഴുതാം.ഇതുപോലെ
" പിന്നെയൊന്നൊരുപകാരം " എന്ന പദം വേർതിരിച്ചെഴുതുക

5. “വൈരി വൈരസേനിക്കിഹ 'തവമിത്രം ഞാൻ'
വൈരസേനി എന്ന് വിശേഷിപ്പിച്ചത് ആരെ ?

6.“ആ <u>ഹൃദയോന്നതിക്കു</u> മുമ്പിൽ, ആ ആഭിജാത്യത്തിനു മുമ്പിൽ ഒരിറ്റു കണ്ണുനീർ തൂകാതിരിപ്പാൻ ആർക്ക് സാധിക്കും? ” - അടിവരയിട്ട പദത്തെ ഘടക പദങ്ങളാക്കി മാറ്റുക?

(4 x 1 = 4)

B. 7 മുതൽ 9 വരെയുള്ള എല്ലാ ചോദ്യങ്ങൾക്കും ഉത്തരം എഴുതുക.

7.നിൻ കൈകൾ ചലിപ്പതു
കാണ്മൂ ഞാനതിൻ സർഗ-
മംഗലഗാനം കേട്ടു-
നിൽപ്പൂ ഞാൻ നിർനിദ്രമാം
നിന്റെ രാവുകൾ, വിയർ-
ത്തുരുകും പകലുകൾ
പങ്കിടുന്നു ഞാൻ —-- ഈ വരികളിൽ വ്യക്തമാകുന്നത് എന്ത്?

- കലയിലെ ആത്മസമർപ്പണം
- - ഉറക്കമില്ലാത്ത അവസ്ഥ
- - അധ്വാനത്തിന്റെ മഹത്വം
- - മംഗലഗാനം കേൾക്കുവാനുള്ള കൊതി

8.മണ്ണിൽ നിന്നു പിറന്നവർ മണ്ണിനെ-
പ്പൊന്നണിയിച്ച <u>സംസ്കാരശില്പികൾ</u> അടിവരയിട്ട പ്രയോഗത്തിൽ സൂചിപ്പിക്കുന്നതാരെയാണ്?

(യാഗാശ്വം, കവി, തൊഴിലാളി, രാജാവ്)

9.വായിൽനിന്ന് നീരാവിയുടെ ഒരു ചെറിയ മേഘത്തെ തുറന്നുവിട്ടുകൊണ്ട് ജൂലിയാന ചോദിച്ചു - ഈ വാക്യത്തിൽ തെളിയുന്ന സൂചനയെന്ത് ?

(3 x 1 = 3)

## പാർട്ട് - II

A.ചുവടെ നൽകിയിരിക്കുന്ന ചോദ്യത്തിന് ഉത്തരമെഴുതുക. (2 സ്കോർ)

10.താഴെ കൊടുത്ത വാക്യം ഒറ്റവാക്യമാക്കി മാറ്റി എഴുതുക
ആ ഒന്നാമത്തെ അപകടം അങ്ങനെ കഴിഞ്ഞു.
എങ്കിലും അപ്പോഴും അയാളുടെ മനസ്സിൽ വല്ലാത്ത പരിഭ്രമമുണ്ടായിരുന്നു.

(1 x 2 = 2)

B. 11 മുതൽ 12 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 1 എണ്ണത്തിന് ഉത്തരമെഴുതുക.
( 2 സ്കോർ )

11“കല്ലിനുമീതേ നിന്റെ ചുറ്റികയൊരു കരി-
വണ്ടുപോൽ ചുറ്റിപ്പറന്നുളിതൻ നിറുകയിൽ
ചുംബിക്കും ഹർഷോന്മാദ സീൽക്കാരം കേൾക്കുന്നു ഞാൻ"
- ഈ വരികളിലെ കാവ്യസവിശേഷതയെന്ത് ?

TVS GHSS PALA

12 അശ്വമേധത്തിലെ കുതിരയുടെ സഞ്ചാരവഴിയിൽ കുതിരയെ നിയന്ത്രിക്കാൻ ശ്രമിച്ച ശക്തികളേവ ?

(1 x 2 = 2)

## പാർട്ട് - III

A. 13 മുതൽ 16 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 3 എണ്ണത്തിന് ഉത്തരമെഴുതുക.

(3 സ്കോർ വീതം)

13.'എതിരാളിയുടെ കുറവുകൊണ്ടല്ല, സ്വന്തം മികവുകൊണ്ടു തന്നെ ജയിക്കാൻ നോക്കണം' - ലേഖകന്റെ ഈ വിലയിരുത്തലിനുള്ള കാരണങ്ങൾ എന്തെല്ലാം?

14.പുഷ്കരനെ വശംവദനാക്കാൻ കലി ഉപയോഗിച്ച തന്ത്രങ്ങൾ എന്തെല്ലാം ?

15.ലക്ഷ്മണസാന്ത്വനം എന്ന കവിതയെ അടിസ്ഥാനമാക്കി എഴുത്തച്ഛന്റെ കാവ്യഭാഷയുടെ സവിശേഷതകൾ കണ്ടെത്തുക ?

16.ഒരിക്കൽ ഒരു സുഹൃത്ത് ഐൻസ്റ്റീനോട് ചോദിച്ചു: ' മൂന്നാം ലോകയുദ്ധത്തെപ്പറ്റി താങ്കൾക്ക് എന്താണ് പറയാനുള്ളത്?

ഐൻസ്റ്റീൻ - മൂന്നാം ലോകയുദ്ധത്തെക്കുറിച്ചല്ല, നാലാം ലോകയുദ്ധത്തെപ്പറ്റി ഞാൻ പറയാം. മനുഷ്യൻ കല്ലും കമ്പും ഉപയോഗിച്ച് യുദ്ധം ചെയ്യുന്ന കാലം ഞാൻ കാണുന്നു."-ഈ അഭിപ്രായത്തെ യുദ്ധത്തിന്റെ പരിണാമം എന്ന പാഠഭാഗത്തെ അടിസ്ഥാനമാക്കി വിശകലനം ചെയ്യുക ?

(3 x 3 = 9)

B.ചുവടെ നൽകിയിരിക്കുന്ന ചോദ്യത്തിന് ഉത്തരമെഴുതുക.

( 3 സ്കോർ )

17."ശന്താആത്ത്യായുടെ കൂടെ ഞാനും ചവറു പെറുക്കാൻ പോയി. ഞാൻ ചവർക്കൂമ്പാരത്തിൽ കൈയിട്ടിളക്കും. എല്ലാം കീഴ്മേൽ മറിച്ചിടും. കിട്ടിയതെല്ലാം ശാന്തമുത്തശ്ശിക്ക് കൊടുക്കും. ചിലപ്പോൾ ചില കടലാസ് പൊതികൾ കിടക്കുന്നത് കാണാം. അകത്തെന്തെങ്കിലും കാണുമെന്ന് കരുതി നോക്കുമ്പോളാണ് അതിൽ മനുഷ്യമലമാണെന്ന് മനസിലാവുക."

ലിംബാളെയുടെ ഈ ജീവിത സാഹചര്യം അന്നത്തെ സാമൂഹീകാവസ്ഥയെക്കുറിച്ച് നൽകുന്ന തിരിച്ചറിവുകൾ എന്തെല്ലാം?

(1 x 3 = 3)

## പാർട്ട് - IV

A. 18 മുതൽ 20 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 2 എണ്ണത്തിന് ഉത്തരമെഴുതുക.

(4 സ്കോർ വീതം)

18.'അകത്തുകടക്കാൻ നോക്കുന്ന പൂച്ചയുടെ കളവുള്ളതും സ്വസ്ഥതയില്ലാത്തതുമായ സൗമ്യഭാവത്തോടുകൂടി, അനങ്ങാതെ, വിരൽത്തുമ്പുകൊണ്ട് പതുക്കെ അയാൾ വാതിൽ ഉന്തി.'

'തന്റെ കാര്യംപോയി എന്നു തോന്നിയിരുന്നപ്പോൾ കൂടി അയാൾ പിന്നാക്കം വയ്ക്കുകയുണ്ടായിട്ടില്ല. അയാളുടെ അപ്പോഴത്തെ ആലോചന കഴിയുന്നതും വേഗത്തിൽ കാര്യം കഴിച്ചുകൂട്ടണമെന്ന മാത്രമായിരുന്നു.

'ഴാങ് വാൽ ഴാങിന്റെ ഓരോ ഭാഗവും കിടന്നു വിറച്ചിരുന്നു. തികച്ചും അമ്പരന്ന് ഒരു പാവയുടെ മാതിരി അയാൾ ആ രണ്ട് മെഴുകുതിരി വിളക്കുകൾ കൈയിൽ വാങ്ങി.'

സൂചനകൾ പ്രയോജനപ്പെടുത്തി 'ഴാങ് വാൽ ഴാങ് എന്ന കഥാപാത്രത്തെക്കുറിച്ചുള്ള നിരൂപണം തയ്യാറാക്കുക.

19.“ കളിക്കോപ്പേൽക്കാനായ് കുതുകമൊടു നീട്ടീടിന കരം
വിളക്കിച്ചേർത്തോണം വിരൽനിര ഞെരുങ്ങിത്തൊട്ടുകയാൽ
വിളങ്ങുന്ന രാഗം ഭൃശമെഴുമുഷസ്സിൽദ്ദലകുലം
തെളിഞ്ഞീടാതൊന്നായി വിടരുമൊരു തണ്ടാർമലരുപോൽ ”

ഈ വരികളിലെ ചമത്കാരഭംഗി വിശകലനം ചെയ്യുക ?

20. പിന്നെയൊന്നൊരുപകാരമേതിനോ,
യെന്നെയോർത്തു സഖി, ഏതതോതുക,
അന്യജീവനതകി സ്വജീവിതം
ധന്യമാകുമമലേ വിവേകികൾ.“

ഈ വരികളിലൂടെ ആശാൻ മുന്നോട്ടുവെക്കുന്ന ജീവിത ദർശനമെന്ത് ?

(2 x 4 = 8)

B. 21 മുതൽ 22 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 1 എണ്ണത്തിന് ഉത്തരമെഴുതുക.
(4 സ്കോർ വീതം)

21. 'അപ്പോളെന്റെ അഭിമാനം ഉച്ചകോടിയിലെത്തിപ്പോയി'-എസ്.കെ.യെ അഭിമാനത്തിന്റെ ഉച്ചകോടിയിലെത്തിച്ച സാഹചര്യം വ്യക്തമാക്കി കുറിപ്പ് തയ്യാറാക്കുക.

22.നന്മയുടെ മൂർത്തിയായി ഒരു ശുദ്ധാത്മാവിനെ സൃഷ്ടിക്കുകയാണ് എന്റെ ലക്ഷ്യം. അതിനേക്കാൾ പ്രയാസമുള്ള എന്ത് പണിയാണ് ഈ ഭൂമിയിൽ ഉള്ളത്? അതും കുടിലബുദ്ധികളുടെ ഇക്കാലത്ത് - സന്ദർഭം വിശകലനം ചെയ്ത് ദസ്തയോവ്സ്കിയുടെ ജീവിതവീക്ഷണം വിശകലനം ചെയ്ത് കുറിപ്പ് തയ്യാറാക്കുക.

(1 x 4 = 4)

## പാർട്ട് - V

A. 23 മുതൽ 24 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 1 എണ്ണത്തിന് ഉത്തരമെഴുതുക.
(5 സ്കോർ )

23.“നീയോ സുധീർ! നീ..... നീ....... ഇവിടെ.....ഇപ്പോൾ......”

ഒരു നീണ്ട തേങ്ങലോടെ അവർ മുന്നോട്ടാഞ്ഞ് അയാളെ കെട്ടിപ്പിടിച്ചു. രൂപംകൊണ്ട് പിടികിട്ടാത്ത വ്യക്തിയെ സ്വരം കൊണ്ട് തിരിച്ചറിഞ്ഞ് അയാളും അമ്പരന്നിരുന്നു.'

' ആഖ്യാനത്തിലെ സവിശേഷതകളാണ് വിശ്വരൂപം' എന്ന കഥയെ വേറിട്ട വായനാനുഭവമാക്കി മാറ്റുന്നത്. ഗ്രഹിച്ച ആശയങ്ങളും കൂടുതൽ സന്ദർഭങ്ങളും കണ്ടെത്തി ഉപന്യാസം തയ്യാറാക്കുക

24.കടൽത്തീരത്ത് എന്ന കഥയ്ക്ക് ഒരു ആസ്വാദനം തയ്യാറാക്കുക ?

(1 x 5 = 5)